I/129481/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ — ജീവനക്കാര്യം — 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 ജീവനക്കാരുടെ പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:

1) ഉത്തരവ് നം.ഇഎസ്1-20074/2010/ആവഡ തീയതി 27/04/2013

2 ) OA(EKM)No.203/2021,OANo.33/2021 കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23/02/2023 ലെ അന്തിമ വിധി

3) ബഹു.കേരള ഹൈക്കോടതിയിലെ OP KAT No.97/2023 എന്ന കേസിലെ 14/03/2023 ലെ ഇടക്കാല ഉത്തരവ്.

4) സർക്കാർ ഉത്തരവ് സാധാ നം.1181/2023/ആകു വ തീയതി 18/05/2023

5) ബഹു.കേരള ഹൈക്കോടതിയിലെ OP KAT No.97/2023 മേൽ 10/08/2023 ലെ ഇടക്കാല ഉത്തരവ്.

6)സർക്കാർ കത്ത് നം.സി2-56/2021(പി1) ആകുവ തീയതി 02/12/2023.

7).ഉത്തരവ് നം.ഇഎസ്1-6564/2023/ആവഡ തീയതി 07/12/2023.

**ഉത്തരവ് നം. ഇ.എസ്1- 6564/2023/ആ.വ.ഡ/തീയതി : 29-12-2023**

മേൽ പരാമർശം (1) പ്രകാരം 01/04/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

01/01/1997 -31/03/2000 കാലയളവിലെ സീനിയോരിറ്റിപട്ടിക തയ്യാറാക്കിയ മാനദണ്ഡമനുസരിച്ച് 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കണം എന്നാവശ്യപ്പെട്ട് ബഹു.കെഎറ്റിയിൽ OA(EKM)No.203/2021, OA No.33/2021 എന്നിവ ഫയൽ ചെയ്യുകയും ബഹു.കെഎറ്റിയുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് പി എസ് സി നിയമന ശിപാർശയുടെ അടിസ്ഥാനത്തിലല്ലാതെ 01/01/1997 -31/03/2000 കാലയളവിലെ സീനിയോരിറ്റി പട്ടികയുടെ മാതൃകയിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി പുതുക്കാൻ ഉത്തരവായിരുന്നു. ബഹു.കെഎറ്റിയുടെ പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് സർക്കാർ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 01/04/2000 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് പുതുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ബഹു.കെഎറ്റിയുടെ പരാർശം ( 2 ) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെയും പരാമർശം ( 4 ) സർക്കാർ ഉത്തരവിനെതിരെയും OP KAT No.97/2023, OP KAT No.218/2023 എന്നിവ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു.

OP KAT No.97/2023 മേൽ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൽ ബഹു.കെഎറ്റി നിർദ്ദേശിച്ച പ്രകാരം എത്രയും വേഗം സീനിയോരിറ്റി പട്ടിക തയ്യാറാക്കുവാനും ആയത് കോടതിയിൽ സീൽഡ് കവറിൽ സമർപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്നു. സീനിയോരിറ്റി ലിസ്റ്റ് സംബന്ധമായ വിഷയം ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP(C)12363/2018 ലെ പരിഗണന വിഷയമായതിനാൽ പുതുക്കിയ സീനിയോരിറ്റിപട്ടിക പ്രൊവിഷണൽ സീനിയോരിറ്റിപട്ടിക ആയി പരിഗണിച്ച് KS&SSR ഭാഗം II റൂൾ 31 (a)(1) പ്രകാരം താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനായി ഉപയോഗിക്കാമെന്ന്

I/129481/2023

ബഹു.ഹൈക്കോടതി പരാമർശം ( 5 ) പ്രകാരം പുറപ്പെടുവിച്ച വിധിയിൽ ഉത്തരവായിരിക്കുന്നു. പരാമർ ശം (6 ) സർക്കാർ കത്തിൽ സീനിയോരിറ്റി പട്ടിക ചട്ടപ്രകാരമുള്ള നടപടി പൂർത്തിയാക്കി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി 01/04/2000 മുതൽ 31/10/2007 കാലയളവിലെ ജെഎച്ച് ഐ ഗ്രേഡ്2 തസ്തികയിലെ താത്കാലിക സീനിയോരിറ്റി പട്ടിക ലിസ്റ്റ് I , ലിസ്റ്റ് I I വുമായി പ്രസിദ്ധീകരിച്ച് പരാമർശം ( 7 ) പ്രകാരം ഉത്തരവായിരുന്നു. ടി പട്ടികയിൽ സ്പെഷ്യൽ റൂൾസിലെ യോഗ്യത മാനദണ്ഡങ്ങളാക്കിയുള്ള സീനിയോരിറ്റി സംബന്ധിച്ച അപ്പീലുകൾ ഒഴികെ Inclusion, തയ്യാറാക്കിയ പട്ടികയിലുള്ള തിരുത്തലുകൾ എന്നിവയിന്മേൽ അപ്പീലുകൾ ഉണ്ടെങ്കിൽ ആയവ അനുബന്ധരേഖകളോടൊപ്പം നിശ്ചിത തീയതിക്കുള്ളിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ലഭിച്ച അപ്പീലുകളിൽ പരിഗണനാർഹമായവ പരിഗണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

Dr REENA K J

Signed by
Dr Reena K J
Date: 29-12-2023 14:02:45

DIRECTOR OF HEALTH SERVICES

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. സൂപ്രണ്ട്, ഇജി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ